# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2315 08.03.2017 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ നയം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനം സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ നയത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 25-11-2013-ലെ GO(P)No.49/2013/PD എന്ന സർക്കാർ ഉത്തരവ് പ്രകാരം സൗരോർജ്ജത്തിന് മുൻതൂക്കം നൽകി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിൽ സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് കേരളത്തിന്റെ സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുള്ളത്. സൗരോർജ്ജ നയം സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ അനെർട്ടിന്റെ വെബ്സൈറ്റിൽ (www.anert.gov.in) ലഭ്യമാണ്. നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗയോഗ്യമല്ലാത്ത പ്രദേശങ്ങളിലും, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിംഗിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. |
| (ബി) | ഇപ്പോൾ കേരളത്തിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എത്ര പദ്ധതികളാണ് ഉള്ളത്; ഇവയിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഉള്ളവയുടെ എണ്ണവും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും ഇനംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | കെ.എസ്സ്.ഇ.ബി. 14 സൗരോർജ്ജ പദ്ധതികളിൽ നിന്നായി 9.3613 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. പൊതുമേഖലയിൽ CIAL-15.4 MW-ഉം, ANERT-2 MW ഉം, ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യമേഖലയിൽ HNDAL-Co, 1MW ശേഷിയുള്ള സൗരോർജ്ജ നിലയവും 279 സ്വകാര്യവ്യക്തികൾ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ നിലയത്തിൽ നിന്നായി 4.02 MW ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി എത്ര രൂപയ്ക്കാണ് വാങ്ങുന്നത്; | (സി) | സംസ്ഥാനത്തെ സൗരോർജ്ജ പദ്ധതികളിൽ നിന്ന് ഉല്പ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്.<br>ഉപഭോക്താക്കൾ സ്വന്തം സ്ഥലത്ത് അല്ലെങ്കിൽ മേൽക്കൂരയിൽ സ്ഥാപിക്കുന്ന ഒരു മെഗാവാട്ട് വരെയുള്ള സൗരോർജ്ജ നിലയങ്ങളിൽ നിന്ന് സ്വന്തം ഉപയോഗം കഴിഞ്ഞ്, കെ.എസ്.ഇ.ബി. ലൈനുകളിലേയ്ക്ക് കടത്തിവിടുന്ന അധിക വൈദ്യുതിയ്ക്ക് കെ.എസ്.ഇ.ബി. പുറമേ നിന്നു വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച പ്രകാരം (ആവറേജ് പൂൾഡ് പവർ പർച്ചേസ് റേറ്റ്) ആണ് വില നൽകി വരുന്നത്. ഇപ്പോൾ ഈ നിരക്ക് യൂണിറ്റിന് 3.14 രൂപയാണ്.<br>അവ അല്ലാതെ മറ്റ് സ്വകാര്യ/സ്വതന്ത്ര സൗരോർജ്ജ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ പൊതുനിരക്ക് (ജനറിക്ക് താരിഫ്) 2015-16 ലേക്ക് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത് യൂണിറ്റിന് 7.04 രൂപയാണ്. എന്നാൽ പുതിയ കരട് വിജ്ഞാപനപ്രകാരം ഇത്, 5.68 രൂപയാണ്.<br>ഇത്തരം നിലയങ്ങളിൽ നിന്നുള്ള സൗരോർജ്ജവൈദ്യുതിയുടെ വില പ്രത്യേകം അപേക്ഷിച്ചാൽ കമ്മീഷന് നിലയാടിസ്ഥാനത്തിൽ പ്രത്യേക നിരക്ക നിശ്ചയിക്കാനും (പ്രോജക്റ്റ് സ്പെസിഫിക് താരിഫ്) വ്യവസ്ഥയുണ്ട്.<br>അനെർട്ടിന്റെ 2 മെഗാവാട്ട് പ്ലാന്റുമായി ബന്ധപ്പെട്ട് പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സൗരോർജ്ജത്തിൽ നിന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇത് സാധ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടേയും വിഭാവനം ചെയ്ത പദ്ധതികളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. 10.3 MW ശേഷിയുള്ള 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 4.71 ശേഷിയുള്ള 6 സൗരോർജ്ജ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 200 MW ശേഷിയുള്ള സൗരോർജ്ജ നിലയം കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു.<br>കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 MW ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 2022 ഓടുകൂടി സ്ഥാപിതശേഷി 1104.17 മെഗാവാട്ട് ആയി ഉയർത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 77 മെഗാ വാട്ടിന്റെ പദ്ധതികൾ ഗ്രിഡുമായി ബന്ധിപ്പിക്കും. 2016-17 സാമ്പത്തിക വർഷം താഴെപ്പറയുന്ന 2 സൗരോർജ്ജ വൈദ്യുതി പദ്ധതികളിൽ നിന്നും ആകെ 11.4 മെഗാവാട്ട് ശേഷി കൈവരിക്കുവാൻ അനെർട്ട് ലക്ഷ്യമിടുന്നു.<br>1) സോളാർസ്മാർട്ട് - 6.4 മെഗാവാട്ട്<br>(വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കാത്തവ)<br>2) സോളാർകണക്ട് - 5 മെഗാവാട്ട്<br>(വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നവ)<br>ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കമ്പനികളെ എംപാനൽ ചെയ്തു കഴിഞ്ഞു. പൊതുജനങ്ങളിൽ നിന്നും പവർ പ്ലാന്റുകൾ സ്ഥാപിക്കാനായി അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിന്റെ മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്റ്റ് കനാൽ ബാങ്ക് | 1.00 | |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.065 | |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്റ്റ് കനാൽ ടോപ്പ് | 3.00 | |
| 14 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) 1 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു | 0.7 | |
| | ആകെ | 9.361372 | |

# നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 764.86 |
| 2 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 382.089 |
| 3 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 4 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | നിർമ്മാണം പുരോഗമിക്കുന്നു | 450 |
| 5 | ബാണാസുരസാഗർ റിസർവോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 6 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 7 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 8 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 9 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 10 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 11 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 228 |
| 12 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 13 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | ആകെ | 10.3 | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (IPDS) | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | ആകെ | 4.71 | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | 300 വാട്സ് ശേഷിയുള്ള 3 കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ഭവന്റെ മേൽക്കൂരയിൽ | 0.0009 | 300 വാട്സ് ശേഷിയുള്ള 3 കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ഭവന്റെ മേൽക്കൂരയിൽ സ്ഥാപിച്ചു. |
| 2 | പൂവാർ ഫിഷർമെൻ കോളനി മൈക്രോ വിൻഡ് 50 നമ്പർ 20KW | 1 | ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 3 | കഞ്ചിക്കോട് (ഹൈബ്രിഡ് പാർക്ക്)<br>1. വിൻഡ് (2.25 MW)<br>2. ഇന്റർ ക്രോപ്പിങ്ങ് വിൻഡ് (4.65MW) | 2.625<br>3.75 | 2.625 മെഗാവാട്ട് വിൻഡിന്റെ പദ്ധതിയുടെ എസ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പരാജയപ്പെട്ടതിനെ തുടർന്നാണിത് |
| | **ആകെ** | 7.3759 | |

P. [signature]
സെക്ഷൻ ഓഫീസർ